**ഭരണഭാഷ മാതൃഭാഷ**

KDFWF/H/431/17

**കേരള ക്ഷീരകർഷക ക്ഷേമനിധി**

തിരുവനന്തപുരം, തീയതി: 15.05.2017

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

**ജില്ലാ നോഡൽ ഓഫീസർ**

. . .. . . . . . . . . . . . . . . . ജില്ല.

സർ,

വിഷയം :- കേരള ക്ഷീരകർഷക ക്ഷേമനിധി - ക്ഷീരനിധി - അംശദായം അടവ് - സംബന്ധിച്ച്.

സൂചന :- 1) സർക്കുലർ നമ്പർ - 2/2017
2) 08.05.2017 തീയതിയിലെ ഇതേ നമ്പർ കത്ത്.

സൂചന പ്രകാരം 2017 ഏപ്രിൽ മാസം മുതലുള്ള അംശദായ പേയ്മെന്റുകളെക്കുറിച്ച് നിർദ്ദേശം നൽകിയിരുന്നു.

എസ്.ബി.റ്റി.- എസ്.ബി.ഐ. മെർജ്ജറുമായി ബന്ധപ്പെട്ട് അംശദായം അടയ്ക്കുന്നതിന് വളരെയേറെ ബുദ്ധിമുട്ടുകൾ ഉള്ളതായും ആയതിനാൽ നിശ്ചിത സമയത്തിനകം അംശദായ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ സാധിക്കുന്നില്ല എന്നും പല ഭാഗങ്ങളിൽ നിന്നും പരാതി ഉയർന്നിരിക്കുകയാണ്.

ഓൺലൈനായി ജനറേറ്റ് ചെയ്യുന്ന ചെലാനുപയോഗിച്ചുള്ള പേയ്മേന്റുകൾ അംശദായ റിപ്പോർട്ടിൽ നൽകിയിട്ടില്ലെങ്കിലും ക്ഷേമനിധി ഡേറ്റാബേസിലേക്ക് അപ്ലോഡ് ചെയ്യപ്പെടും. അംശദായം അടച്ച വിവരങ്ങൾ ബ്ളോക്ക്- ജില്ലാ ഓഫീസറുടെ ലോഗിനിലും ലഭ്യമാണ്. ഈ സാഹചര്യത്തിൽ പ്രതിമാസം അംശദായ റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ ക്ഷീരസംഘങ്ങളുടെ പേയ്മെന്റ് വിവരങ്ങൾ ലഭിച്ചിട്ടില്ലെങ്കിലും ആയവ ഒഴിവാക്കി അംശദായ റിപ്പോർട്ട് സമർപ്പിക്കാവുന്നതാണെന്ന് അറിയിക്കുന്നു.

എന്നാൽ ക്ഷീരവികസന ഓഫീസർമാർ ക്ഷീരസംഘങ്ങൾ അംശദായം അടയ്ക്കുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

വിവരം എല്ലാ ഫീൽഡ് ഉദ്യോഗസ്ഥരെയും അറിയിക്കുന്നതിന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**